LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ വില്പന

186 (1930) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് എന്നിവ കേന്ദ്രീകരിച്ച് വില്പന നടത്തുന്ന ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടെത്തുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഉപയോഗത്തിനെതിരെ സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവൽക്കരണം നടത്താറുണ്ടോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന ലഹരിയുടെ വില്പന തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മയക്കുമരുന്നുമായി ബന്ധപ്പെട്ട് കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ നിലവിലുള്ള നിയമം അനുസരിച്ച് കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉല്പാദനം, കടത്തൽ, വിതരണം, വിപണനം എന്നിവയെപ്പറ്റി അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും സംസ്ഥാന പോലീസിൽ Kerala Anti Narcotic Squad രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ലഹരി-മയക്കുമരുന്ന് ശൃംഖലയെ പരിപൂർണ്ണമായി ഉന്മൂലനം ചെയ്യുകയാണ് ഈ ടീമിന്റെ ചുമതല.

(ബി) സ്റ്റുഡന്റ്സ് പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് എന്നീ പദ്ധതികളിലൂടെ വിദ്യാർത്ഥികൾക്ക് മയക്കുമരുന്ന് ഉപയോഗത്തിന്റെ ദുഷ്യഫലങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്താറുണ്ട്.

(സി) ക്ലീൻ ക്യാമ്പസ്, സേഫ് ക്യാമ്പസ് പദ്ധതിയുടെ ഭാഗമായും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ ഭാഗമായും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെയും വിവിധ റസിഡൻഷ്യൽ അസോസിയേഷന്റെയും പോലീസിന്റെയും സംയുക്ത പ്രവർത്തനംമൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് മയക്കുമരുന്നിന്റെ വിപണനം തടയുന്നതിന് ഊർജ്ജിതമായ പ്രവർത്തനങ്ങളും ബോധവത്ക്കരണങ്ങളും നടത്തിവരുന്നു. സ്കൂൾ, കോളേജ് ക്യാമ്പസുകളുടെ 100 മീറ്റർ ചുറ്റളവിലുള്ള സ്ഥലങ്ങളിൽ കഞ്ചാവ്, മയക്കുമരുന്ന്, പാൻമസാല, പുകയില ഉല്പന്നങ്ങൾ എന്നിവയുടെ വില്പന കർശനമായി നിരോധിക്കുകയും നിരന്തരം റെയ്ഡുകൾ നടത്തി ഇത്തരം ഉല്പന്നങ്ങൾ പിടിച്ചെടുക്കുകയും, കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.